"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളോജ് വിദ്യാഭ്യാസം - എറണാകുളം മഹാരാജാസ് കോളേജിലെ ഹിസ്റ്ററി വിഭാഗം പ്രൊഫസ്സർ പ്രൊഫ.വിനോദ് കുമാർ കല്ലോലിക്കലിന് "തപസ്വിനി അമ്മ:ആതുര സേവനത്തിന്റെ ആത്മാർപ്പണം" എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.501/2024/HEDN    തീയതി,തിരുവനന്തപുരം, 30-04-2024

---

പരാമർശം:- 1. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 24.03.2024 തീയതിയിലെ DCETVM/2418/2024/B2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം മഹാരാജാസ് കോളേജിലെ ഹിസ്റ്ററി വിഭാഗം പ്രൊഫസ്സർ പ്രൊഫ.വിനോദ് കുമാർ കല്ലോലിക്കലിന്, "തപസ്വിനി അമ്മ:ആതുര സേവനത്തിന്റെ ആത്മാർപ്പണം" എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശ പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960- ലെ,സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 - ന്റെ ഒന്നാം പ്രൊവിസോ പ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തിനും, അധ്യാപനത്തിനും തടസ്സമാകാതെയും, പ്രതിഫലം കൈപ്പറ്റാതെയും സർക്കാരിൽ സമർപ്പിച്ച പതിപ്പിൽ മാറ്റം വരുത്തരുതെന്ന വ്യവസ്ഥയിലും പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 58A, 60, 62, 63 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായും എറണാകുളം മഹാരാജാസ് കോളേജിലെ ഹിസ്റ്ററി വിഭാഗം പ്രൊഫസ്സർ പ്രൊഫ.വിനോദ് കുമാർ കല്ലോലിക്കലിന്, "തപസ്വിനി അമ്മ:ആതുര സേവനത്തിന്റെ ആത്മാർപ്പണം" എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സിനി .ജെ .ഷുക്കൂർ**

**അഡിഷണൽ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (F2/68/2024-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Asoka Kumari L
സെക്ഷൻ ഓഫീസർ
Date: 02-05-2024 15:02:51